"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് -സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ എ.ഐ.സി.റ്റി.ഇ യോഗ്യത ഉള്ള അതിഥി അധ്യാപകരുടെ വേതനം പുതുക്കി നിർണ്ണയിച്ച ഉത്തരവിന്റെ പ്രാബല്യത്തീയതി ഏകീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ(ജി)വകുപ്പ്**

സ.ഉ.(സാധാ) നം.274/2026/HEDN    തീയതി,തിരുവനന്തപുരം, 27-02-2026

---

പരാമർശം:-
1. സ.ഉ(സാധ)നം.723/2025/ഉവിവ തീയതി 05.06.2025.
2. സ.ഉ(സാധ)നം.1113/2025/ഉവിവ തീയതി 20.08.2025.
3. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 12.11.2025 ലെ DTETVM/9154/2025-DP3(DPA) നം. കത്ത്

**ഉത്തരവ്**

കോളേജ് വിദ്യാഭ്യാസ വകുപ്പ്/സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്നിവയ്ക്ക് കീഴിലെ യു.ജി.സി യോഗ്യതയുള്ള അതിഥി അധ്യാപകർക്ക് പ്രതിദിനം 2200/- രൂപ നിരക്കിൽ ഒരുമാസം പരമാവധി 50,000/- രൂപയായും യു.ജി.സി യോഗ്യത ഇല്ലാത്ത അതിഥി അധ്യാപകർക്ക് പ്രതിദിനം 1800/- രൂപ നിരക്കിൽ ഒരുമാസം പരമാവധി 45,000/- രൂപയായും വേതനം പുനർ നിർണ്ണയിച്ച് പരാമർശം(1)പ്രകാരം ഉത്തരവായിരുന്നു.സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ AICTE യോഗ്യത ഉള്ള അതിഥി അധ്യാപകരുടെ വേതനം പ്രതിദിനം 2200/- രൂപ നിരക്കിൽ ഒരു മാസം പരമാവധി 50,000/- രൂപയായും പരാമർശം(2)പ്രകാരം പരിഷ്കരിച്ചിരുന്നു.രണ്ട് ഉത്തരവുകളുടേയും പ്രാബല്യത്തീയതി 05.06.2025 ആക്കി ഏകീകരിക്കണം എന്നാവശ്യപ്പെട്ട് നിരവധി അപേക്ഷകൾ ലഭ്യമാകുകയുണ്ടായി

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.കോളേജ് വിദ്യാഭ്യാസ വകുപ്പ്/സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ കീഴിലെ ഗസ്റ്റ് അധ്യാപകരുടെ വേതനം പുതുക്കിയ പരാമർശം(1) സർക്കാർ ഉത്തരവിന്റെയും, AICTE യോഗ്യതയുള്ള അതിഥി അധ്യാപകരുടെ വേതനം പ്രതിദിനം 2200/-രൂപ നിരക്കിൽ ഒരു മാസം പരമാവധി 50,000/-രൂപയായി പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള പരാമർശം(2) സർക്കാർ ഉത്തരവിന്റെയും, പ്രാബല്യത്തീയതി ഏകീകരിച്ചും AICTE യോഗ്യതയുള്ള ഗസ്റ്റ് ലക്ചറർമാർക്ക് 75 ദിവസത്തെ കുടിശ്ശിക തുക അനുവദിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SANTHOSHKUMAR P B
അണ്ടർ സെക്രട്ടറി

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരള, തിരുവനന്തപുരം
ധനകാര്യ (വിദ്യാഭ്യാസം (സി)) വകുപ്പ്
ഉന്നത വിദ്യാഭ്യാസ (എൽ) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
(www.highereducation.kerala.gov.in)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (HEDN-G1/287/2025-HEDN)

ഉത്തരവിൻ പ്രകാരം

Signed by Deepa N S
Date: 27-02-2026 10:26:29
സെക്ഷൻ ഓഫീസർ